പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 86 28.01.2019 ൽ മറുപടിക്ക്

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതിന് കേന്ദ്രസർക്കാർ നീക്കം നടത്തുന്നതായുള്ള വിവരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും | തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ കണ്ടെത്തുന്ന പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഈ തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് 2 തവണ കത്ത് അയച്ചിട്ടുണ്ട്.വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും, നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നല്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി.<br>സംസ്ഥാന നിർദ്ദേശത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ സ്പോൺസർ |
| (ബി) | ലാഭകരമായി പ്രവർത്തിക്കുന്ന തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിനു പിന്നിൽ എന്തൊക്കെ സാഹചര്യങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | സ്വകാര്യവൽക്കരിക്കുന്ന സാഹചര്യമുണ്ടായാൽ വിമാനത്താവളത്തിന് സംസ്ഥാന സർക്കാർ കൈമാറിയ ഭൂമിയുടെ കാര്യത്തിൽ എന്തു തീരുമാനമുണ്ടാകുമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | വിമാനത്താവളം ലേലം ചെയ്യുകയാണെങ്കിൽ റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ സംസ്ഥാന സർക്കാരിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായ ലേലമായതിനാൽ ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ടെക്നിക്കൽ & ഫിനാൻഷ്യൽ കൺസൾട്ടന്റിനേയും ലീഗൽ കൺസൾട്ടന്റിനേയും നിയമിച്ചിട്ടുണ്ട്. വിമാനത്താവളം ലേലം ചെയ്യുകയാണെങ്കിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ ബിഡിനുള്ള നടപടി ക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV ക്ക് 10% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിഡ് സമർപ്പിക്കുന്നതിലേക്കായി കേരള സർക്കാർ കെ.എസ്.ഐ.ഡി.സിയും മറ്റു സ്ഥാപനങ്ങളുമായി ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ